● സംഭാഷണം



# മനുഷ്യബന്ധങ്ങളിലെ നീതിയുക്തത

ഡോ. നിസാർ അഹമ്മദ്

**2005 സെപ്റ്റംബർ 25-ന് തൃശൂർ 'ശ്രദ്ധ' ഹാളിൽവെച്ച് 'മനുഷ്യബന്ധങ്ങളിലെ നീതിയുക്തത' എന്ന വിഷയത്തിൽ നടന്ന ചർച്ചയിൽ നിസാർ അഹമ്മദ് നടത്തിയ പ്രഭാഷണത്തിൽനിന്ന്. പരിപാടിയുടെ സംഘാടനം 'ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ ആന്റ് ഇക്കളോജിക്കൽ സ്റ്റഡീസ്', കോഴിക്കോട്, 'കേരളീയം', തൃശൂർ, 'ഹരിതമൈത്രി' അങ്കമാലി, 'ശ്രദ്ധ' തൃശൂർ എന്നിവരായിരുന്നു.**

> **ഏഷ്യൻ പാശ്ചാത്തലത്തിൽ നീതി എന്ന സംകല്പത്തെ വേറൊരു രീതിയിലേ നോക്കാനാകൂ. വളരെ യുക്തിഭദ്രമായി സ്ഥാപിക്കപ്പെട്ട, വൈയക്തികമായ താല്പര്യങ്ങളുടെ അടിസ്ഥാനത്തിൽ കെട്ടിപ്പടുക്കപ്പെട്ട ഒരു സാമൂഹിക വ്യവസ്ഥയിൽ ഉന്നയിക്കപ്പെട്ട ചിന്തകളാണ് പാശ്ചാത്യനീതി സംകല്പം. ഏഷ്യൻ ഭൂഖണ്ഡത്തിൽ വളരെ വൈയക്തികമായ താല്പര്യങ്ങളുടെ അടിസ്ഥാനത്തിൽ യുക്തിഭദ്രമായി സ്ഥാപിക്കപ്പെട്ട സാമൂഹിക വ്യവസ്ഥ നിലനിൽക്കുന്നുണ്ടോയെന്നത് സംശയമാണ്.**

**മനുഷ്യബന്ധങ്ങളിലെ** നീതിയുക്തത എന്നത് അവസാനത്തെ പോംവഴിയാണ്.

സംസ്കൃതത്തിലെ ബന്ധം എന്ന വാക്കിന് കെട്ടുക എന്നാണർത്ഥം. മനുഷ്യബന്ധങ്ങളെപ്പറ്റിയുള്ള സംകല്പം തന്നെ മനുഷ്യർ തമ്മിലുള്ള കെട്ടുപാടുകൾ എന്നാണ്. ഇതുതന്നെ പുന:പരിശോധിക്കേണ്ടതാണ്.

മനുഷ്യർ തമ്മിൽ തമ്മിലുള്ള ബന്ധങ്ങൾ മാത്രമല്ല ഇവിടെ ഉദ്ദേശിക്കുന്നത്. മനുഷ്യരും പുറംലോകവും ജീവജാലങ്ങളും മറ്റ് എന്തുവസ്തുക്കളുമായിക്കോട്ടെ, മനുഷ്യർ തമ്മിൽ തമ്മിലും ഇവയോരോന്നും തമ്മിലും ബന്ധപ്പെടുന്നുണ്ട്. ഇവിടെ ബന്ധം എന്നുള്ള വാക്കല്ല ശരിയായിട്ടുള്ളത്. പ്രയോഗത്തിലൂടെ ഇപ്പോൾ ആ വാക്കിന് ഒരു അർത്ഥം ദ്യോതിപ്പിക്കപ്പെടുകയാണ്. വളരെ നിരുപദ്രവകരമായ ഒരു അർത്ഥമാണ് ഇതിനുള്ളത്. കെട്ടുക എന്നുള്ള അർത്ഥമല്ല.

നീതി എന്ന സംകല്പംകൊണ്ട് നമ്മൾ എന്താണ് ഉദ്ദേശിക്കുന്നത് ? ഇതും ഒരുപാട് പ്രശ്നങ്ങളുള്ള സംകല്പമാണ്. ഉദാഹരണത്തിന് പാശ്ചാത്യനാഗരികതയിലുണ്ടായിട്ടുള്ള ചർച്ചകൾ ഒക്കെ മനുഷ്യരുടെ യുക്തി (rationality) യെ മുഖ്യാവലംബമാക്കി, യുക്തിപരമായ പ്രവർത്തനങ്ങളിലൂടെ സ്ഥാപിക്കപ്പെടേണ്ട ഒന്നായി നീതിയെ അവതരിപ്പിക്കുന്നു. ഇവിടെ നീതി എന്നത് വ്യവസ്ഥയെ അല്ലെങ്കിൽ ഭരണകൂടത്തെ മുന്നുപാധിയായി കാണുന്നു. അതുകൊണ്ട് നീതി പൊതു (public)വായതിനെയാണ് കുറിക്കുന്നത്. ഇത് പക്ഷേ, മനുഷ്യബന്ധങ്ങളിലെ സങ്കീർണ്ണതയെ ഉൾകൊള്ളുവാൻ പര്യാപ്തമല്ല. പല പ്രശ്നങ്ങളുമുണ്ട് നീതിയെക്കുറിച്ചുള്ള ഈ സംകല്പത്തിൽ. മനുഷ്യബന്ധങ്ങളിലെ നീതി എന്ന് പറയുമ്പോൾ ആ വാക്ക് ആനയിച്ചുകൊണ്ടുവരുന്ന അർത്ഥമണ്ഡലം മുഴുവൻ പ്രശ്നമാണ്. വളരെ നിഷ്കളങ്കമായ ഒരു ആശയമല്ല അത്.

മനുഷ്യബന്ധങ്ങളിലെ നീതിയുക്തത എന്നതെപ്പറ്റി നാം ആലോചിക്കുകയോ ചർച്ച ചെയ്യുമ്പോഴോ എന്താണ് നാം ഉദ്ദേശിക്കുന്നത്? ഇതിലൂടെ നാം എന്താണ് നേടാൻ ശ്രമിക്കുന്നത്? നമ്മുടെ ചുറ്റുപാടുകളെ നാം ഗൗരവമായി എടുക്കുന്നുണ്ടെങ്കിൽ വാദപ്രതിവാദങ്ങൾകൊണ്ട് കാര്യമില്ല. കാരണം ഇവയിൽ വിവരാധിക്യവും കൗശലവും തർക്കപാടവവും ഒക്കെയാണ് പ്രധാനമായി വരിക. അതുകൊണ്ട് നീതിപോലുള്ള വിഷയം ചർച്ച ചെയ്യുമ്പോൾ നമ്മുടെ തന്നെ താല്പര്യങ്ങൾ നാം വ്യക്തമായി നിർവചിക്കേണ്ടതുണ്ട്, സഗൗരവം തിരിച്ചറിയേണ്ടതുണ്ട്. ഈ വിഷയം ഗൗരവപൂർവമായി ചർച്ച ചെയ്യാനാണ് നാം ഉദ്ദേശിക്കുന്നതെങ്കിൽ മനുഷ്യബന്ധങ്ങൾ എന്ന സംകല്പന മേഖലയെ മുഴുവൻ തന്നെ ഒന്നു പരിശോധിക്കുകയാണ് ആദ്യം ചെയ്യേണ്ടത്. നിർവചിച്ചാൽ മാത്രം മതിയാവില്ല. ഈ മേഖലയിൽ അടങ്ങിയിട്ടുള്ള അർത്ഥതലങ്ങൾ മുഴുവൻ അന്വേഷിക്കേണ്ടതുണ്ട്. പിന്നെ നീതി എന്നതിനെ അവലംബിക്കാൻ നാം എന്തുകൊണ്ട് പ്രേരിപ്പിക്കപ്പെടുന്നു എന്നതും ആലോചിക്കേണ്ടതാണ്. വാസ്തവത്തിൽ നീതി, എന്നെ സംബന്ധിച്ചിടത്തോളം അവസാനത്തെ തുരുത്താണ്. പാശ്ചാത്യലോകത്തെ അന്വേഷണങ്ങളിൽനിന്ന് വ്യത്യസ്തമായിട്ടാണ് ഞാൻ ഇവിടെ നീതിയെ കാണാൻ ശ്രമിക്കുന്നത്. ഏഷ്യൻ പാശ്ചാത്തലത്തിൽ നീതി എന്ന സംകല്പത്തെ വേറൊരു രീതിയിലേ നോക്കാനാകൂ. വളരെ യുക്തിഭദ്രമായി സ്ഥാപിക്കപ്പെട്ട, വൈയക്തികമായ താല്പര്യങ്ങളുടെ അടിസ്ഥാന

> **നീതി അവസാനത്തെ പോംവഴിയാണ് എന്ന് പറയുമ്പോൾ ഇതിനുമുമ്പ് നമുക്ക് അഭിലഷണീയമായത് എന്താണ്? ഇവിടെയാണ് ശ്രദ്ധയെക്കുറിച്ച് പറയാനുദ്ദേശിക്കുന്നത്. തുടർച്ചയായി തന്നോടും മറ്റുള്ളവരോടും സത്യസന്ധമായിരിക്കുന്നതാണ് ശ്രദ്ധ എന്ന് പറയുന്നത്. സത്യസന്ധമായിരിക്കുക എന്നത് ഒരു മുഖ്യ വശം മാത്രമാണ്. നമ്മുടെ തന്നെ വാസനകൾ, വികാരങ്ങൾ, വിചാരങ്ങൾ, മനോഭാവങ്ങൾ ഒക്കെ സംബന്ധിച്ചിടത്തോളം അത് നമ്മിൽ ഇന്നയിന്ന അളവിൽ ഉണ്ടെന്ന് തിരിച്ചറിയുക എന്നതാണ് സത്യസന്ധത.**

ത്തിൽ കെട്ടിപ്പടുക്കപ്പെട്ട ഒരു സാമൂഹിക വ്യവസ്ഥയിൽ ഉന്നയിക്കപ്പെട്ട ചിന്തകളാണ് പാശ്ചാത്യനീതി സംകല്പം. ഏഷ്യൻ ഭൂഖണ്ഡത്തിൽ വളരെ വൈയക്തികമായ താല്പര്യങ്ങളുടെ അടിസ്ഥാനത്തിൽ യുക്തിഭദ്രമായി സ്ഥാപിക്കപ്പെട്ട സാമൂഹിക വ്യവസ്ഥ നിലനിൽക്കുന്നുണ്ടോയെന്നത് സംശയമാണ്. ഈ ഭൂഖണ്ഡത്തിൽ നമ്മുടെ മുൻഗാമികളായ ചിന്തകരും ഋഷിമാരും എപ്പോഴും ഉന്നയിച്ചിട്ടുള്ള പ്രശ്നം മനുഷ്യയാതനയെക്കുറിച്ചുള്ളതാണ്. ഞാൻ ഇവിടെ കാണാൻ ശ്രമിക്കുന്നത് നീതി എന്നത് ഒരു വിധായക സംകല്പനം ആയല്ല, അനീതിയില്ലാത്ത അവസ്ഥയാണ് നീതി. അനീതി എന്നത് മനുഷ്യർക്ക് യാതനകളുണ്ടാക്കുന്ന ഒരു ജീവിതാവസ്ഥയാണ്. അതായത് മനുഷ്യബന്ധങ്ങൾ തുടരെതുടരെ, നിരന്തരം മനുഷ്യർക്ക് യാതനാപൂർണ്ണമാകുന്നു, മനുഷ്യബന്ധങ്ങളുടെ ഒരു വ്യവസ്ഥ യാതന ഉണ്ടാക്കുന്നു. അതിനെ മറികടക്കാൻ നീതി എന്ന സംകല്പം വയ്ക്കുന്നു. അല്ലാതെ വിധായകമായ, പോസിറ്റീവായ ഏതോ സാഹചര്യം മുൻകണ്ട് അത് സാക്ഷാൽക്കരിച്ചാൽ നമുക്ക് നീതിയുക്തമായി ജീവിക്കാം എന്ന് പറയുവാൻ കഴിയില്ല.

മനുഷ്യജീവിതത്തിലെ ദുഃഖം എങ്ങനെ മറികടക്കാം എന്നുള്ള ചിന്ത വളരെ മുൻപേയുള്ളതാണ്. പ്രശസ്തമായ സാംഖ്യ ദർശനത്തിൽ മൂന്ന് തരം ദുഃഖങ്ങളെപ്പറ്റി പരാമർശിക്കുന്നു. ആധിദൈവീകം, ആധി ഭൗതികം, ആധ്യാത്മികം. ആധി ദൈവീകം എന്നുവെച്ചാൽ നമ്മുടെ ശക്തിക്ക് അതീതമായിട്ടുള്ളത്. ആധിഭൗതികം എന്നുവെച്ചാൽ നമ്മുടെ തന്നെ ക്രിയകളിൽകൂടി ഉണ്ടാകുന്നത്. ആധ്യാത്മികം എന്നുവെച്ചാൽ നമുക്ക് ഇവയെപ്പറ്റിയുള്ള സങ്കല്പങ്ങളിലൂടെ, നമുക്ക് ഇവയുമായുള്ള ബന്ധങ്ങളിലൂടെ ഉണ്ടാകുന്നത്. പ്രപഞ്ചവസ്തുക്കളോട്, പ്രതിഭാസങ്ങളോട്, മനുഷ്യരോട്, നമ്മോടുതന്നെയുള്ള ബന്ധങ്ങളിലൂടെ മാനസികമായി ഉണ്ടാകുന്ന ദുഃഖമാണ് ആദ്ധ്യാത്മിക ദുഃഖം. ആദ്ധ്യാത്മിക ദുഃഖത്തിന്റെ പരിഹാരത്തെക്കുറിച്ച് മാത്രമാണ് കപിലന്റെ ചിന്ത. ആധിദൈവികവും ആധിഭൗതികവുമായ ദുഃഖങ്ങൾക്ക് പരിഹാരമായി കപിലൻ ഒന്നും പറഞ്ഞിട്ടില്ല. ഇത് 2000 വർഷങ്ങൾക്ക് മുൻപുള്ള ചിന്തയാവാം. അവയുടെ മൂലം ലഭ്യമല്ല. വ്യാഖ്യാനങ്ങൾ മാത്രമേ ഉള്ളു.

മനുഷ്യജീവിതത്തിലെ യാതനകളെക്കുറിച്ച് ഇതുപോലുള്ള ചോദ്യം തന്നെയാണ് ബുദ്ധനും ചോദിച്ചത്. അതിലും ആദ്ധ്യാത്മികമായ ഉത്തരമാണ് നമുക്ക് ലഭിക്കുന്നത്. ഇത്തരത്തിലുള്ള ചോദ്യം മറ്റ് നാഗരികതകൾ ചോദിച്ചു കാണുന്നില്ല. സാങ്കേതികവിദ്യ വികസിപ്പിച്ചാൽ നമുക്ക് ദുഃഖം മാറുമെങ്കിൽ അത് വികസിപ്പിച്ചാൽ മതിയായിരുന്നു. ഈ ഉപഭൂഖണ്ഡത്തിൽ ഇപ്പോഴും ചോദിച്ചുകൊണ്ടിരിക്കുന്നത് ഇത്തരം ചോദ്യങ്ങളാണ്. യാതനകളുണ്ടാക്കുന്ന വ്യവസ്ഥയാണ് അനീതിയെങ്കിൽ മനുഷ്യബന്ധങ്ങളിലൂടെ സ്ഥാപിക്കപ്പെടുന്ന ഒന്നാണ് ഈ അനീതി. അവനവനോടും മനുഷ്യർ തമ്മിൽ തമ്മിലും മറ്റ് പ്രപഞ്ചവസ്തുക്കളോടും ഉണ്ടാക്കപ്പെടുന്ന ബന്ധങ്ങളിലൂടെയാണ് ഈ അനീതി ഉണ്ടാകുന്നുത്, യാതന ഉണ്ടാകുന്നത്. ആ അർത്ഥത്തിൽ യാതനയെ മറികടക്കുന്നത് എങ്ങനെയാണ് എന്ന ചോദ്യമായിരിക്കും. ഒരുപക്ഷേ, നമുക്ക് ഉന്നയിക്കാവുന്നത്.

നേരത്തെ പറഞ്ഞതുപോലെ നീതി എന്നുള്ളത് അവസാനത്തെ പോംവഴിയാണ്. മനുഷ്യർ അവരുടെ ബന്ധങ്ങളുടെ ഒരു വ്യവസ്ഥയിലൂടെ നിരന്തരം യാതനയെ പുനരുൽപ്പാദിപ്പിക്കുന്ന സാഹചര്യത്തിൽ ഈ ചോദ്യം ഉന്നയിക്കപ്പെടേണ്ടതാണ്. നീതി അവസാനത്തെ പോംവഴിയാണ് എന്ന് പറയുമ്പോൾ ഇതിനുമുമ്പ് നമുക്ക് അഭിലഷണീയമായത് എന്താണ്? ഇവിടെയാണ് ശ്രദ്ധയെക്കുറിച്ച് പറയാനുദ്ദേശിക്കുന്നത്. ശ്രദ്ധയെപ്പറ്റി മുമ്പൊരിടത്ത് പറഞ്ഞത് ഇവിടെ ആവർത്തിക്കാം - ശ്രദ്ധ എന്ന വാക്ക് വരുന്നത് സംസ്കൃതത്തിലെ രണ്ട് വാക്കുകളിൽ നിന്നാണ്. ഒന്ന് 'ശ്രദ്' മറ്റൊന്ന് 'ധാ'. ശ്രദ് എന്ന വാക്കിന് ലാറ്റിൻ ഭാഷയിലെ 'കോർഡ്' എന്ന വാക്കിനോടും ബന്ധമുണ്ട്. സംസ്കൃതത്തിലെ 'ഹൃദ്', ഇംഗ്ലീഷിലെ 'ഹാർട്ട്' ഇവയൊക്കെ അടുത്ത ബന്ധമുള്ള വാക്കുകളാണ്. 'ധാ' എന്ന് വെച്ചാൽ വെയ്ക്കുക എന്നാണ്, നിക്ഷേപിക്കുക. ശ്രദ്ധ എന്ന് പറഞ്ഞാൽ ഹൃദയം വെയ്ക്കലാണ്. സത്യസന്ധമായിരിക്കുക, വിശ്വസ്തമായിരിക്കുക. ഞാൻ ശ്രദ്ധയുള്ള ആളാവുന്നത് എപ്പോഴാണ് ? തുടർച്ചയായി തന്നോടും മറ്റുള്ളവരോടും സത്യസന്ധമായിരിക്കുന്നതാണ് ശ്രദ്ധ എന്ന് പറയുന്നത്. സത്യസന്ധമായിരിക്കുക എന്നത് ഒരു മുഖ്യ വശം മാത്രമാണ്. നമ്മുടെ തന്നെ വാസനകൾ, വികാരങ്ങൾ, വിചാരങ്ങൾ, മനോഭാവങ്ങൾ ഒക്കെ സംബന്ധിച്ചിടത്തോളം അത് നമ്മിൽ ഇന്നയിന്ന അളവിൽ ഉണ്ടെന്ന് തിരിച്ചറിയുക എന്നതാണ് സത്യസന്ധത.

പുരാതന പാരമ്പര്യങ്ങളിൽ ശ്രദ്ധ എന്ന് പറയുന്നത് മനുഷ്യബന്ധങ്ങളിൽ പുലർത്തപ്പെടേണ്ട വിശ്വാസമാണ്. ബന്ധങ്ങളിലാണോ പ്രാപഞ്ചിക കാര്യങ്ങളിലാണോ അല്ലെങ്കിൽ അലൗകിക കാര്യങ്ങളിലാണോ എന്നത് വ്യക്തമല്ല, മഹാഭാരതത്തിൽ ശ്രദ്ധ എന്ന ഒരു ദേവതയെപ്പറ്റി തന്നെ പറയുന്നുണ്ട്. ആ പുരാണങ്ങൾ അവിടെ കിടക്കട്ടെ. എങ്കിലും, മനുഷ്യർ ഒരു പ്രത്യേക രീതിയിലുള്ള മാനസികത നിക്ഷേപിക്കുകയാണ്, ഒരു വാക്കിന്റെ അകത്ത്. ഏറെക്കഴിഞ്ഞാൽ അത് മാറിപ്പോയേക്കാം. പിന്നീട് നമ്മൾ വാക്കുകളുടെ വേരുകളിലേക്ക് പോകുമ്പോൾ ശ്രദ്ധ എന്നാൽ വിശ്വസ്തത ആണ് എന്ന് കണ്ടെത്തുന്നതുപോലെ ചിലത് സംഭവിക്കാം. ശ്രദ്ധ എന്നാൽ ഹൃദയം നിക്ഷേപിക്കലാണ്. മലയാളത്തിൽ

**മനുഷ്യബോധം എന്നത് ഒരു ജീവജാതിയുടെ സാധ്യതയാണ്. അത് വീണ്ടെടുക്കുക എന്നത് വളരെ പ്രധാനമാണ്. മനുഷ്യബന്ധങ്ങളിലെ നീതി എന്നതിന് പകരം മനുഷ്യബന്ധങ്ങളിലെ ശ്രദ്ധ എന്നതിലേക്ക് മാറുന്നതിന് ബോധഘടന വീണ്ടെടുക്കുന്നത് പ്രധാനമാകും. ശ്രദ്ധയെ നമ്മൾ ചില പ്രത്യേക ശൃംഖലകളിൽ തൂക്കിയിടുമ്പോഴാണ് നാം ശ്രദ്ധയില്ലാതായി തീരുന്നതും ദു:ഖകാരണത്തിനിടയാക്കുന്നതും. തൂങ്ങിപ്പോയ ശ്രദ്ധയാണ് മനസ്ഥിതി എന്നു പറയുന്നത്.**

പക്ഷേ, ഈ വാക്ക് ഇങ്ങനെയല്ല, കുറച്ചുകൂടി നേരിട്ട അർത്ഥത്തിലാണ് ഉപയോഗിച്ച് കാണുന്നത്. ഇവിടെ ശ്രദ്ധിക്കുകയെന്നാൽ attend ചെയ്യുക എന്നാണ്. സത്യസന്ധമാവുക എന്നുപറയുമ്പോൾ അതിന്റെ മുന്നുപാധിയായിട്ടുള്ളത് attention ആണല്ലോ.

അതേസമയം, 'ശ്രദ്ധ'യിൽ സൂക്ഷിക്കുക (care) എന്ന ധ്വനിയുണ്ട്. ഒരുകാര്യം ശ്രദ്ധിച്ചുചെയ്യുമ്പോൾ അതിൽ സൂക്ഷ്മതയുണ്ട്. അതായത് ശ്രദ്ധയുടേയും കെയറിന്റേയും മൂലകങ്ങൾ ആ അർത്ഥത്തിൽ ആർജിച്ചിട്ടുള്ള അനുഭവത്തിൽ ഉണ്ടെന്ന് പറയാം. പല അർത്ഥതലങ്ങളുമുള്ള ഒന്നായി ശ്രദ്ധ എന്ന വാക്ക് എടുത്ത് കഴിഞ്ഞാൽ അതിന്റെ അർത്ഥമണ്ഡലം മുഴുവൻ തെളിഞ്ഞുവരും. ഈ വാക്ക് ഇവിടെ എടുത്തത് എന്താണെന്ന് വെച്ചാൽ നീതിക്ക് വേണ്ടിയുള്ള അന്വേഷണത്തിന് പ്രേരിപ്പിക്കപ്പെടുന്നതിന് മുമ്പായി നമുക്ക് അഭിലഷണീയമായിട്ടുള്ള ഒന്ന് ശ്രദ്ധയാണ് എന്നതുകൊണ്ടാണ്. വാക്കുകളുടെ മേൽ നാം അത്ര പിടിവാശി കാണിക്കണമെന്നില്ല.

ശ്രദ്ധയുണ്ടായിരിക്കുക എന്നുള്ളത് കെയറിങ്ങ് എന്നതുമായി വളരെ ചേർന്നു പോകുന്നതാണ്. നമുക്ക് എങ്ങനെ ശ്രദ്ധയുള്ളവരാകാം, എങ്ങനെ സൂക്ഷ്മതയുള്ളവരാവാം. എന്ന് നോക്കാവുന്നതാണ്. മനുഷ്യബന്ധങ്ങളിൽ ശ്രദ്ധ അത്യാവശ്യമാണെന്ന് നാം വിചാരിക്കുകയാണെങ്കിൽ, നീതിസങ്കല്പനത്തിലേക്ക് പോകുന്നതിനു മുമ്പ് നമുക്ക് ചെയ്യാവുന്നത് എങ്ങിനെയാണ് ശ്രദ്ധ മനുഷ്യബന്ധങ്ങളിൽ യാതനയെ ഇല്ലാതാക്കാൻ പ്രാപ്തമാക്കുന്നത് എന്നു ചോദിക്കുകയാണ്. തീർത്തും വൈയക്തികമായി തീർന്നിട്ടില്ലാത്ത, തീർത്തും യുക്തിപരമായി തങ്ങളുടെ ജീവിത വ്യാപാരങ്ങളെ സംഘടിപ്പിച്ചിട്ടില്ലാത്ത ഒരു ജനതയെ സംബന്ധിച്ച് നീതി എന്നുള്ള സംകല്പം കൊണ്ടുവരുന്നതിലൂടെ ഇത്തരം ഭരണവ്യവസ്ഥയിൽ എന്ത് മാറ്റങ്ങളാണ് പര്യാപ്തമായത് എന്ന് ആലോചിക്കേണ്ടതാണ്. അതേസമയം, കെയറിംഗിൽ, ശ്രദ്ധയിൽ, നമ്മൾ സമൂഹാംഗം എന്ന വിശിഷ്ടത നിലനിർത്തേണ്ടി വരും. ശ്രദ്ധാലു ആയിരിക്കുക എന്ന അടിസ്ഥാന മാനുഷിക ഗുണത്തെക്കുറിച്ച് കൂടുതലറിയാൻ കോഗ്നിറ്റീവ് ശാസ്ത്രജ്ഞന്മാരോട് ചോദിക്കാവുന്നതാണ്. അവർ പറയുന്നത് മനുഷ്യബോധം എന്നത് ഒരു പ്രജ്ഞാനഘടനയുടെ ഭാഗം ആണെന്നാണ്. മനുഷ്യബോധത്തിന്റെ ഈ പ്രജ്ഞാനഘടന ഒരു സാമൂഹിക നിർമ്മിതി അല്ല. മനുഷ്യബോധം എന്നത് ഒരു ജീവജാതിയുടെ സാധ്യതയാണ്. അത് വീണ്ടെടുക്കുക എന്നത് വളരെ പ്രധാനമാണ്. മനുഷ്യബന്ധങ്ങളിലെ നീതി എന്നതിന് പകരം മനുഷ്യബന്ധങ്ങളിലെ ശ്രദ്ധ എന്നതിലേക്ക് മാറുന്നതിന് ബോധഘടന വീണ്ടെടുക്കുന്നത് പ്രധാനമാകും. ശ്രദ്ധയെ നമ്മൾ ചില പ്രത്യേക ശൃംഖലകളിൽ തൂക്കിയിടുമ്പോഴാണ് നാം ശ്രദ്ധയില്ലാതായി തീരുന്നതും ദു:ഖകാരണത്തിനിടയാക്കുന്നതും. തൂങ്ങിപ്പോയ ശ്രദ്ധയാണ് മനസ്ഥിതി എന്നു പറയുന്നത്. അതിലേക്ക് ഇപ്പോൾ കടക്കുന്നില്ല.

ശ്രദ്ധയെ നാം വീണ്ടെടുക്കാൻ ആലോചിക്കുമ്പോൾ ശ്രദ്ധയെ നമുക്ക് നഷ്ടപ്പെടുത്തുന്ന രീതികൾ, ജീവിതരീതികളും ചിന്താരീതികളും, നമുക്ക് പരിശോധിക്കേണ്ടിവരും. മനുഷ്യബന്ധങ്ങൾ എന്നതിലെ ബന്ധം എന്നാൽ കെട്ടുക എന്ന ധ്വനി തന്നെ ആദ്യം പരിശോധിക്കേണ്ടതാണ്. ഒരാളും മറ്റൊരാളും തമ്മിലുള്ള ബന്ധം എന്നത് കെട്ട് ആകാതെ ആ കെട്ട് അഴിക്കുകയാണ് വേണ്ടത്. ഇംഗ്ലീഷിലെ റിലേഷൻ എന്ന വാക്ക് കൂടുതൽ വിധായകം (positive) ആണെന്ന് പറയാം. ഇതിലെ റി-ലേറ്റ് എന്നുവെച്ചാൽ വഹിക്കുക, നിലനിർത്തുക എന്നാണ്. ഞാനും നിങ്ങളും തമ്മിൽ ഒരു ബന്ധം ഉണ്ടാകുക എന്നുവെച്ചാൽ നമുക്കിടയിൽ സംഭവിച്ചത് വഹിച്ചു കൊണ്ടുപോവുക എന്ന അർത്ഥമാണ്. അനന്തരഫലങ്ങൾ ഉണ്ടാവുന്നത് കൂടി അത് പരിഗണിക്കുന്നു എന്നാണ് തോന്നുന്നത്. ബന്ധം എന്ന പദത്തിൽ ബന്ധിക്കുക, കെട്ടുക എന്നത് വരുന്ന സമയത്ത് കെട്ടലിന്റെ മാനദണ്ഡങ്ങൾ എന്ത് എന്നത് വ്യക്തമല്ല. ഒരിക്കൽ കണ്ടുമുട്ടുകയും, കാര്യങ്ങൾ ഒരുമിച്ച് ചെയ്യുകയും ചെയ്യുന്ന ആളുകൾക്ക് അവരുടെ പരസ്പര ജീവിതത്തിൽ ആ തരത്തിലുള്ള ഇടപാടുകൾ എങ്ങിനെയാണ് അനുഭവപ്പെടുന്നത്. സന്തോഷമോ, രസമോ ആഹ്ലാദമോ യാതനയോ തുടങ്ങി വ്യത്യസ്ത ഫലങ്ങൾ മനുഷ്യർക്ക് ജീവിതത്തിലുണ്ടാകുന്നുണ്ട്. പക്ഷേ, ക്രമേണ ചിലരെ, ഒട്ടുമിക്കവരെയും സംബന്ധിച്ചിടത്തോളം യാതന മാത്രം മേൽക്കൈ നേടുന്നു. ഇതാണ് പ്രശ്നം ആകുന്നത്. ഒരിക്കൽ ദയാകൃഷ്ണ എന്ന തത്വചിന്തകൻ ചോദിച്ചത് നാം ഇന്ത്യക്കാർ എന്തിനാണ് യാതനയെക്കുറിച്ച് ഇത്ര വേവലാതിപ്പെടുന്നത് എന്നാണ്. എനിക്ക് ഈ ചോദ്യം സ്വീകാര്യമായില്ല. ആളുകൾ എങ്ങനെയാണ് അവർ സ്വയമറിയാതെ ഇത്തരം ഇടപാടുകളിൽ അടിയ്ക്കടി യാതന അല്ലെങ്കിൽ ദു:ഖം പേറേണ്ടവരായി തീരുന്നത് എന്നത് പ്രസക്തമായ ചോദ്യം തന്നെയാണ്.

ഈ കാണുന്ന ബന്ധങ്ങൾ അല്ലെങ്കിൽ ഇടപാടുകൾക്ക് പിന്നിൽ അതിനെ ദൃഢീകരിക്കുന്ന വലിയ ഒരു മനസ്ഥിതി തന്നെയുണ്ട്. നമ്മൾ ചെയ്യുന്ന പ്രവർത്തനങ്ങൾ എല്ലാം തന്നെ ചെറിയ ചെറിയ ഇടപാടുകൾ അല്ലെങ്കിൽ വർത്തന പ്രതിവർത്തനങ്ങളിലൊക്കെത്തന്നെ അതിനെ വിശേഷിപ്പിക്കുന്ന വലിയ ഒരു വ്യവസ്ഥയുണ്ട്. വ്യവസ്ഥ എന്നുവെച്ചാൽ നമുക്ക് പുറത്തുള്ള ഒന്നല്ല. നമുക്ക് അകത്ത് തന്നെയുള്ള

**ബന്ധം എന്ന പദത്തിൽ ബന്ധിക്കുക, കെട്ടുക എന്നത് വരുന്ന സമയത്ത് കെട്ടലിന്റെ മാനദണ്ഡങ്ങൾ എന്ത് എന്നത് വ്യക്തമല്ല. ഒരിക്കൽ കണ്ടുമുട്ടുകയും, കാര്യങ്ങൾ ഒരുമിച്ച് ചെയ്യുകയും ചെയ്യുന്ന ആളുകൾക്ക് അവരുടെ പരസ്പര ജീവിതത്തിൽ ആ തരത്തിലുള്ള ഇടപാടുകൾ എങ്ങിനെയാണ് അനുഭവപ്പെടുന്നത്. സന്തോഷമോ, രസമോ ആഹ്ലാദമോ യാതനയോ തുടങ്ങി വ്യത്യസ്ത ഫലങ്ങൾ മനുഷ്യർക്ക് ജീവിതത്തിലുണ്ടാകുന്നുണ്ട്. പക്ഷേ, ക്രമേണ ചിലരെ, ഒട്ടുമിക്കവരെയും സംബന്ധിച്ചിടത്തോളം യാതന മാത്രം മേൽക്കൈ നേടുന്നു. ഇതാണ് പ്രശ്നം ആകുന്നത്.**

താണ്. അങ്ങനെയുള്ള വ്യവസ്ഥ നമ്മുടെ ഓരോരുത്തരുടേയും മനസ്ഥിതിയാൽ നീതീകരിക്കപ്പെടുകയും ദൃഢീകരിക്കപ്പെടുകയും ചെയ്യുന്നു. നമ്മുടെ ഓരോരുത്തരുടേയും മനസ്ഥിതിയാൽ നീതീകരിക്കപ്പെടുകയും ദൃഢീകരിക്കപ്പെടുകയും ചെയ്യുന്ന വർത്തനപ്രതിവർത്തനത്തിന്റെ ഒരു വ്യവസ്ഥയിലൂടെയാണ് നാം ഓരോരുത്തരും കടന്നുപോകുന്നത്. അതുകൊണ്ടാണ് അത് സാമൂഹികശാസ്ത്രപരമായിട്ടും പ്രധാനപ്പെട്ട ഒന്നായി മാറുന്നത്.

നീതി അല്ലെങ്കിൽ യാതനയെക്കുറിച്ചുള്ള ചോദ്യം ഏതൊക്കെ തലങ്ങളിലുള്ള അർത്ഥമണ്ഡലങ്ങളിലേക്കാണ് നമ്മളെ നയിക്കുന്നത് എന്നാണ് ഇവിടെ പറഞ്ഞുവരുന്നത്. യോഗികൾ അല്ലെങ്കിൽ സന്യാസികൾ ദു:ഖനിവാരണത്തിനായി ഇന്നയിന്ന മാർഗ്ഗങ്ങൾ അവലംബിക്കൂ എന്ന് ഉൽബോധന ചെയ്യുന്നത്, യോഗ പ്രാക്ടീസ് ചെയ്താൽ, ധ്യാനം പ്രാക്ടീസ് ചെയ്താൽ ദു:ഖം അകറ്റാം എന്ന് പറയുന്നത്, മനുഷ്യജീവിതത്തെപ്പറ്റിയുള്ള ലളിതവൽക്കരണങ്ങളിൽ നിന്നാണ്. വാസ്തവത്തിൽ മനുഷ്യജീവിതത്തിൽ യാതന അങ്ങേയറ്റം അഗാധമായുള്ള ഒന്നിനെയാണ് വിവക്ഷിക്കുന്നത്. നിങ്ങൾ മുറിയിൽ അടച്ചിരുന്ന് ധ്യാനിക്കുമ്പോൾ കുറച്ച് നേരത്തേയ്ക്ക് സമാധാനം ഉണ്ടാകാം. പക്ഷേ, മനുഷ്യയാതനയുടെ പ്രശ്നങ്ങൾക്ക് ഇത് പരിഹാരമല്ല. അല്ലെങ്കിൽ നിങ്ങൾ എന്തെങ്കിലും വിനോദങ്ങളിലേർപ്പെടുന്നു. വ്യക്തിപരമായി യാതന പരിഹരിക്കാമെന്നാണ് ആദ്ധ്യാത്മിക ആചാര്യന്മാർ ഒക്കെ പറയുന്നത്. അപ്പോൾ മതങ്ങളും ആദ്ധ്യാത്മിക ആചാര്യന്മാരും മനുഷ്യബന്ധങ്ങളിലെ കെട്ടുപാടുകളേയും യാതനകളെയും ഏത് തരത്തിലാണ് നീതീകരിക്കുകയും ദുരീകരിക്കുകയും ചെയ്യുന്നത് എന്നുകൂടി നാം അന്വേഷിക്കേണ്ടതുണ്ട്.

നമ്മൾ ചിന്തിക്കുന്ന വിഷയത്തിന്റെ, ചിന്തയുടെ, പരിസര ശുദ്ധീകരണത്തിന് വേണ്ടി ചില കാര്യങ്ങൾ പറയാം. നമ്മുടെ ചിന്തയുടെ സാമഗ്രികൾ എന്താണ്, ചിന്തയുടെ ക്ഷേത്രം എന്താണ് എന്നതിന്റെ പരിചയം ഇവിടെ ഒരു മുന്നുപാധിയായി വയ്ക്കുന്നു. ചിന്തയുടെ ആഴം എന്നുപറയുന്നത് തെറ്റിദ്ധരിപ്പിക്കുന്നതാണ്. വാസ്തവത്തിൽ ഉപരിതലമുണ്ടെങ്കിലേ ആഴത്തെപ്പറ്റി പറയാനാകൂ. നാം ഉപരിതലത്തിൽ നിൽക്കുന്നതുകൊണ്ടാണ് ആഴത്തെപ്പറ്റി ചിന്തിക്കാനാകുന്നത്. അതായത് നമ്മുടെ മനോഘടനയുടെ ഒരു പ്രത്യേക രീതിയിലുള്ള ശിക്ഷണത്തിൽ നില്ക്കുന്നതുകൊണ്ടാണ് നാം ആഴമില്ലായ്മയെക്കുറിച്ച് വേവലാതിപ്പെടുന്നത്. നിങ്ങൾ ഉപരിതലത്തിൽ നിൽക്കുന്നത് നിർത്തിയാൽ നിങ്ങൾക്ക് ആഴത്തെക്കുറിച്ച് ചിന്തിക്കേണ്ടിവരില്ല. ഇങ്ങിനെയുള്ള കുറെ കാര്യങ്ങളെക്കുറിച്ച് നാം വ്യക്തമായിരിക്കേണ്ടതുണ്ട്. മറ്റൊരു ഉദാഹരണം പറയുകയാണ്: ആദ്ധ്യാത്മികത എന്നുപറയുന്നതിലും തെറ്റിദ്ധാരണയുണ്ട്. നാം അദ്ധ്യാത്മികം എന്നു പറയുന്നത് വ്യവസ്ഥാപിതമായ അല്ലെങ്കിൽ മതപരമായ അനുഭവങ്ങളായി ബന്ധപ്പെട്ട് അതിന് ആപേക്ഷിതമായി നിൽക്കുന്ന ഒരു തലത്തെയാണ്. ആദ്ധ്യാത്മികതയെ ഇവിടെ പരാമർശിക്കാൻ കാരണം, മനുഷ്യബന്ധങ്ങളിലെ യാതനകളെ മറികടക്കുന്നതിനുള്ള മാർഗ്ഗങ്ങളിലൊന്നായി പലപ്പോഴും നിർദേശിക്കപ്പെടുന്നത് ആദ്ധ്യാത്മികതയുടെ മാർഗ്ഗങ്ങൾ ആണ് എന്നുള്ളതുകൊണ്ടാണ്. ഇവിടെ മാത്രമല്ല, ലോകത്ത് എല്ലായിടത്തും ആദ്ധ്യാത്മികത ഇന്ന് വൻ വ്യവസായമാണ്. അതുകൊണ്ടുതന്നെ ആദ്ധ്യാത്മികതയുടെ വിവക്ഷകൾ പരിശോധിക്കേണ്ടതാണ്. എന്താണ് ആദ്ധ്യാത്മികമായിരിക്കുക എന്നുവെച്ചാൽ? ഭൗതികത എന്നതിന്റെ വിപരീതമായാണ് ആദ്ധ്യാത്മികത വ്യവഹരിക്കപ്പെടുന്നത്. ഇത് ഒരു ദ്വൈതബോധത്തിൽനിന്ന് വരുന്ന ചിന്തയാണ്. ആദ്ധ്യാത്മികം എന്നുവെച്ചാൽ അതല്ലാത്ത ഒരു അവസ്ഥയെ അപേക്ഷിച്ചാണ് ഇവയിലെല്ലാം പരാമർശിക്കപ്പെടുന്നത്.

സൂക്ഷ്മ പരിശോധനയിൽ ഭൗതികവാദം എന്നാൽ ഒരു ആദർശവാദം തന്നെയാണ്. കാരണം ഭൗതികവാദികൾ വസ്തുക്കൾക്ക് അവയർഹിക്കാത്തതും അവയ്ക്കില്ലാത്തതും ആയ പ്രാധാന്യം കൽപ്പിക്കുകയാണ്. ഉദാഹരണത്തിന് ഞാൻ വസ്തുക്കൾക്ക് പ്രാധാന്യം കൊടുക്കുന്നുണ്ട്. അല്ലെങ്കിൽ ഞാൻ ഉപയോഗിക്കുന്ന സാധനങ്ങൾക്ക്, ഞാൻ ബന്ധപ്പെടുന്ന വ്യക്തികൾക്ക്, പ്രപഞ്ചത്തിന് മുഴുവൻ തന്നെ അവയ്ക്ക് ഉണ്ടെന്ന് ഉറപ്പില്ലാത്ത കുറെ മൂല്യങ്ങൾ ചാർത്തിക്കൊടുക്കുന്നു. നമ്മൾ ഒരു സാധനം ഉപയോഗിക്കുമ്പോൾ അതിൽ നിന്നുണ്ടാവുന്ന രസം ആ ഉപയോഗിക്കുന്ന സാധനത്തിന് നമ്മൾ കല്പിക്കുന്ന മൂല്യത്തിൽ നിന്നാണ് ഭാഗികമായി ഉണ്ടാകുന്നത്. അതായത് പ്രപഞ്ച വസ്തുക്കൾക്ക്, ഭൗതികവസ്തുക്കൾക്ക്, ശരീരങ്ങൾക്ക് ഒക്കെ നാം ഒരുപാട് മൂല്യം ആരോപിക്കുന്നുണ്ട്. അങ്ങനെ മൂല്യം കൊടുക്കുമ്പോൾ തന്നെ ഒരാൾ ഭൗതികവാദിയല്ലാതായി. അത് ആദർശബദ്ധമായ സമീപനമാണ്.

ആദ്ധ്യാത്മിക മനോഭാവം എന്നുപറഞ്ഞാൽ വസ്തുവിന് അതർഹിക്കുന്ന മൂല്യം നൽകുക എന്നാണ്. വസ്തുക്കൾ മാത്രമല്ല എന്തിനും അതർഹിക്കുന്ന പ്രാധാന്യം മാത്രം നൽകുക. ഉദാഹരണത്തിന് ശരീരം. ശരീരം എപ്പോഴും ക്ഷരമായിട്ടുള്ളതാണ്. മരണം സദാ അടുത്തുണ്ട്. ശരീരം നിരന്തരം മരിച്ചുകൊണ്ടിരിക്കുന്നു. ഈ അർത്ഥത്തിൽ നാം എപ്പോഴും മരണത്തിലൂടെ, മരണത്തെ നേരിട്ട് ചരിച്ചുകൊ

**സ്പിരിച്വൽ ആവുകയെന്ന് പറഞ്ഞാൽ ഏതെങ്കിലും തരത്തിലുള്ള അമൂർത്ത സങ്കല്പനങ്ങളുമായി തന്മയീകരണം നടത്തലല്ല. എല്ലാതരത്തിലുള്ള തന്മയീകരണങ്ങളെയും വളരെ സന്ദേഹത്തോടുകൂടി നോക്കുന്ന മാനസികാവസ്ഥയാണ് സ്പിരിച്വാലിറ്റി. ഉദാഹരണത്തിന് എല്ലാം ബ്രഹ്മമാണ്. പ്രപഞ്ചം മുഴുവൻ ഞാനാണ്. എന്റെ അകത്ത് അഗാധമായ ഒന്നുണ്ട്. ഇതൊക്കെതന്നെ നിർമ്മിതികളാണ്.**

ണ്ടിരിക്കുന്നവരാണ്. ഈ ചരാവസ്ഥയെ തിരിച്ചറിയുക എന്നുള്ളത് ആദ്ധ്യാത്മിക മനോഭാവം ആണ്. ഉദാഹരണത്തിന് ഞാൻ എന്റെ ഉള്ളിലേക്ക് തന്നെ തിരിയുമ്പോൾ ഞാനും എന്നെ ഉണ്ടാക്കുന്ന ഭാഷയും എല്ലാം തന്നെ ഒരു നിർമ്മിതിയാണെന്നത്.

ഭൗതികവസ്തുവിന് അതിനില്ലാത്ത ഒരു മൂല്യം കല്പിക്കുന്നത് ആണ് യഥാർത്ഥത്തിൽ ഭൗതിക മനോഭാവം. ഇത് ഒരു നിർമ്മിതിയാണ്. ആദ്ധ്യാത്മികമായിരിക്കുക എന്നാൽ ഓരോന്നിനും അതിനർഹിക്കുന്ന പ്രാധാന്യം കൊടുക്കലാണ്. ഈ പ്രാധാന്യം നിശ്ചിതമോ, നിർണ്ണയിക്കാവുന്നതോ അല്ലെങ്കിൽ അതിനെ അനിർണ്ണേയാവസ്ഥയിൽ വിടുക. ഉദാഹരണത്തിന് ഞാൻ എന്ന വ്യക്തി. ഒരുപാട് സങ്കല്പങ്ങളിലൂടെയാണ് അത് രൂപപ്പെടുന്നത്. ഈ സാങ്കല്പിക നിർമ്മിതികളുമായി തന്മയീഭവിക്കുന്നത്, ഞാൻ ഇന്നയിന്നതാണ് എന്നെടുക്കുന്നത്, ഭൗതിക മനോഭാവമാണ്. ആദ്ധ്യാത്മികമായിരിക്കുക എന്നുവെച്ചാൽ ഇവയുമായി തന്മയീഭവിക്കാതിരിക്കുക എന്നാണ്. 'എന്നെ' വിടലാണ്.

ഇങ്ങനെ നോക്കുമ്പോൾ ശ്രദ്ധ എന്നാൽ ഈ ചിന്തകൾ, ഈ ആശയങ്ങൾ, ഈ മാനസിക ലോകം, ഈ വൈകാരികത, ഈ കെട്ടുപാടുകൾ, ഇത്തരത്തിലുള്ള ബന്ധങ്ങൾ ഒക്കെ ഒരു നിർമ്മിതിയാണെന്ന് തിരിച്ചറിയുന്ന നിഷ്കൃഷ്ടമായ ഒരവസ്ഥയാണ്. അതിനപ്പുറത്ത് ഒരു മൂല്യവും ആരോപിക്കാതിരിക്കുക. ഇതിനർത്ഥം ആദ്ധ്യാത്മികത എന്നാൽ നമ്മുടെ ശ്രദ്ധയെ വീണ്ടെടുക്കലാണ്, നാം ശ്രദ്ധയിലേക്ക് തിരിയലാണ്. ശ്രദ്ധ വീണ്ടെടുക്കുക എന്നുവെച്ചാൽ എല്ലാതരത്തിലുള്ള തന്മയീകരണവും മാറ്റിനിർത്തുക എന്നാണ്. ഇങ്ങനെ തന്മയീകരണം മാറ്റുന്ന സമയത്താണ് നിങ്ങളും മറ്റുള്ളവരുമായുള്ള ബന്ധങ്ങളിൽ അവശേഷിപ്പിക്കുന്ന അനന്തരഫലങ്ങളുണ്ടാകുന്നത്.

മറ്റൊരാളുമായിട്ടുള്ള ഇടപാടിൽ രണ്ടുപേർക്കും അനന്തരഫലദായകമാവുന്ന, അല്ലെങ്കിൽ ഈ ഇടപാടിൽ ഉയരാവുന്ന യാതനയെ അതിജീവിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്ന ഒരു പ്രധാന ഉപാധി ആയിട്ട് എനിക്ക് തോന്നുന്നത് സ്പിരിച്വൽ ആവുകയെന്നതാണ്. സ്പിരിച്വൽ ആവുകയെന്ന് പറഞ്ഞാൽ ഏതെങ്കിലും തരത്തിലുള്ള അമൂർത്ത സങ്കല്പനങ്ങളുമായി തന്മയീകരണം നടത്തലല്ല. എല്ലാതരത്തിലുള്ള തന്മയീകരണങ്ങളെയും വളരെ സന്ദേഹത്തോടുകൂടി നോക്കുന്ന മാനസികാവസ്ഥയാണ് സ്പിരിച്വാലിറ്റി. ഉദാഹരണത്തിന് എല്ലാം ബ്രഹ്മമാണ്. പ്രപഞ്ചം മുഴുവൻ ഞാനാണ്. എന്റെ അകത്ത് അഗാധമായ ഒന്നുണ്ട്. ഇതൊക്കെതന്നെ നിർമ്മിതികളാണ്. അഗാധം, ആഴം എന്നതൊക്കെ നേരത്തെ പറഞ്ഞതുപോലെ വഴിതെറ്റിക്കുന്നതാണ്. ഉപരിതലത്തിൽ നിൽക്കുന്ന മനസ്സിന് മാത്രമേ ആഴത്തെപ്പറ്റി സംസാരിക്കാനാകൂ. ഈ ഉപരിതലവും ആഴവും പോലുള്ള ദ്വൈതം ഇല്ലാത്ത മനസ്സിന് അവസാനമില്ല. അത് അന്ത്യമില്ലാത്തതാണ്. അതിന് ആന്തരികമായിട്ടുള്ള അന്ത്യമില്ല. ബാഹ്യമായിട്ടുള്ള അന്ത്യവും ഇല്ല. അങ്ങനെ അന്ത്യം ഇല്ലാത്ത അവസ്ഥയിൽ ഒരു മാനസിക സ്ഥിതിയും നമ്മുടെ ശ്രദ്ധയെ ദൃഢീകരിക്കുന്ന ഘടനയുണ്ടാക്കാത്തത് ആയിരിക്കും.

ശ്രദ്ധയുടെ ഒരു ഘടനയുണ്ടാക്കിയാൽ അത് ശ്രദ്ധയല്ലാതായി മാറും. ശ്രദ്ധ ഘടനയില്ലാത്ത ഒന്നാണ്. ശ്രദ്ധ ഒരു സ്വതന്ത്ര ചലനമാണ്. ശ്രദ്ധയെ അതിന്റെ സ്വതന്ത്രതയിൽ, അതിന്റെ ഘടനാവത്കൃതമായല്ലാത്ത രീതിയിൽ നിലനിർത്തണമെങ്കിൽ ഒരു മാനസികസ്ഥിതിയോടും ഈ ശ്രദ്ധ തന്മയീഭവിക്കരുത്. ശ്രദ്ധ മാത്രമുള്ള അവസ്ഥ എന്നുവെച്ചാൽ ഒരു പ്രതിഫലനാവസ്ഥയാണ്. സ്വപ്രതിഫലനാത്മകത. സ്വം എന്നത് ഇവിടെ ഞാനല്ല. ഞാൻ എന്നുള്ളത് ഒരു നിർമ്മിതിയാണ്, ഒരു മനോഭാവമാണ്, ഒരു മനസ്ഥിതിയാണ്. മറ്റുള്ളവരുമായിട്ട്, ഇതരയുമായിട്ട് എനിക്കുള്ള ബന്ധം ഈ ഞാൻ എന്നതിൽനിന്ന് വരുന്നതായതുകൊണ്ട് അത് ശ്രദ്ധയില്ലാത്ത അവസ്ഥയാണ്. ഈ വിധം നമ്മൾ ചെയ്യുന്നത് എല്ലാം ഭൗതികം ആണ്. ഭൗതികം എന്നുവെച്ചാൽ അടിസ്ഥാനപരമായി രസം തേടലാണ്. ഇത് വളരെ പഴഞ്ചൻ ആശയം എന്ന് വിമർശിക്കപ്പെടാം. പക്ഷേ രസത്തിന്റെ മേലെ കെട്ടിപ്പടുക്കപ്പെട്ടിട്ടുള്ള ഈ നാഗരികത മുഴുവൻ ഭൗതികം ആണ്. നമ്മൾ കീഴ്വഴക്കമനുസരിച്ച് സ്പിരിച്വൽ എന്നു പറയുന്നത് ഒക്കെ തന്നെ, മതങ്ങൾ ഒക്കെ തന്നെ ഭൗതികം ആണ്. രസത്തെ ആശ്രയിച്ച് നിൽക്കുന്ന ഈ ലോകം അനേകം മതങ്ങൾ വിഭജിച്ചിട്ടുള്ള ലോകമാണ്.

ഒരു പാട് മതങ്ങളെ ആളുകൾ പിൻതുടരുകയും ഈ മതങ്ങളുടെ അടിസ്ഥാനത്തിൽ മനുഷ്യർ ബന്ധപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ സ്വന്തം ജീവിതം നിർവചിക്കുകയും ചെയ്യുന്നവരാണ് ലോകത്ത് തൊണ്ണൂറ് ശതമാനം ആളുകളും. മതപരമായിരിക്കുകയും ഭൗതികമായിരിക്കുകയും ചെയ്യുന്ന ലോകത്ത് ഈ സ്പിരിച്വൽ ഉണ്ടോയെന്നുള്ളത് സംശയമാണ്. പിന്നെ സ്പിരിച്വൽ എന്നു സാമാന്യഭാഷയിൽ പറയപ്പെടുന്നത് ഈ മതത്തിന്റെ വലിച്ചുനീട്ടൽ മാത്രമാണ്. അത് ഇതുപോലെ തന്നെ നിർമ്മിതി ആണ്. അവ മനുഷ്യമനസ്സിനെ സ്വതന്ത്രമാക്കാൻ കഴിവ് അറ്റതാണ്. അതുകൊണ്ടാണ് ശ്രദ്ധ വീണ്ടെടുക്കാൻ കഴിയാത്ത ഒരു സാഹചര്യത്തിൽ നാം പെട്ടുപോയിരിക്കുന്നത്.

(തുടരും)

*തത്വശാസ്ത്ര വിഭാഗം,*
*ശ്രീശങ്കര സംസ്കൃത സർവ്വകലാശാല , കാലടി*